(ബി) ഇനിയും പരിഹരിക്കപ്പെടേണ്ടതായ തൊഴിൽ തർക്കങ്ങൾ എത്ര?

ഉത്തരം

(എ) 36881 (1986 മാർച്ച് വരെ)
(ബി) 3882 (1986 മാർച്ച് വരെ)

ബീഡി സിഗാർ നിയമം കേരളത്തിൽ നടപ്പാക്കാൻ നടപടി

585 [742] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബീഡി സിഗാർ നിയമം കേരളത്തിൽ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ ഇതിനകം ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്;

(ബി) ഈ നിയമം നടപ്പാക്കാൻ തൊഴിൽ വകുപ്പ് തയ്യാറാകുന്നില്ലെന്ന ട്രെയിഡ് യൂണിയനുകളുടെ ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 1966-ലെ ബീഡി ആൻറ് സിഗാർ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് പരിശോധനാ ഉദ്യോഗസ്ഥൻമാരായി കേരളത്തിലെ ഓരോ ജില്ലയിലും ഒന്നാം ഗ്രേഡ് അസിസ്റ്റൻറ് ലേബർ ഓഫീസർമാരേയും അവരുടെ പ്രവർത്തനം വിലയിരുത്തുന്നതിനുവേണ്ടി ചീഫ് ഇൻസ്പെക്ടറായി ഡെപ്യൂട്ടി ലേബർ കമ്മീഷണറെയും (ഹെഡ് ക്വാർട്ടേഴ്സ്) ഗവൺമെന്റ് വിജ്ഞാപനംമൂലം ചുമതലപ്പെടുത്തിയിട്ടുണ്ട്. ആക്ടിന്റെ 4-ാം വകുപ്പ് അനുസരിച്ച് ജില്ലാ ലേബർ ഓഫീസർമാരെ ലൈസൻസിംഗ് അതോറിട്ടിയായും 5-ാം വകുപ്പ് അനുസരിച്ച് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ (വർക് മെൻസ് കോമ്പൻസേഷൻ) അപ്പലേറ്റ് അതോറിട്ടിയായും അധികാരപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. പരിശോധിച്ചുവരുന്നു.

''അടഞ്ഞു കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾ''

586 [744] ശ്രീ. സി. കെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ അടഞ്ഞു കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ മൊത്തം തൊഴിലാളികൾ എത്ര എന്നു വ്യക്തമാക്കാമോ?

ഉത്തരം

30,497.

1985-86 വർഷത്തിൽ പൂട്ടിക്കിടന്നിരുന്ന കശുവണ്ടി ഫാക്ടറികൾ

587 [745] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985-86 വർഷത്തിൽ സംസ്ഥാനത്ത് പൂട്ടിക്കിടന്നിരുന്ന കശുവണ്ടി ഫാക്ടറികളിൽ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾ എത്രയായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തൊഴിൽ നഷ്ടപ്പെട്ടവർക്ക് എന്തെങ്കിലും ആശ്വാസം നൽകിയിരുന്നോ;

(സി) എങ്കിൽ അത് എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 20810 പേർ

(ബി) നൽകിയിരുന്നു.

(സി) ഒരു തൊഴിലാളിക്ക് 75 രൂപ ക്രമത്തിൽ 20810 തൊഴിലാളികൾക്ക് 15, 60,750 രൂപ വിതരണം ചെയ്തിരുന്നു.

"കൈത്തറി വ്യവസായത്തൊഴിലാളികൾക്ക് ലഭ്യമായ തൊഴിൽ ദിനങ്ങൾ"

588 [748] ശ്രീ. കെ. മുസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി വ്യവസായത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വർഷത്തിൽ ശരാശരി എത്ര ദിവസം തൊഴിൽ ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 1980 മുതൽ 1986 വരെ ഈ രംഗത്തുണ്ടായിരുന്ന ശരാശരി തൊഴിൽ ദിനങ്ങൾ എത്രയായിരുന്നു?

ഉത്തരം

(എ) ശരാശരി 200-ൽ കുറയാത്ത ദിവസങ്ങളിൽ ജോലി ലഭിക്കുന്നതായിട്ടാണ് കണക്കാക്കിയിരിക്കുന്നത്.

(ബി) 1980 മുതൽ 1986 വരെയുള്ള വർഷങ്ങളിൽ ശരാശരി 200-ൽ കുറയാത്ത തൊഴിൽദിനങ്ങൾ ലഭിച്ചിട്ടുള്ളതായിട്ടാണ് കണക്കാക്കിയിരിക്കുന്നത്.

ചെറുകിട മേഖലയിൽ ഡിസ്റിലറി

589 [754] ശ്രീ. എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ചെറുകിട മേഖലയിൽ ഡിസ്റിലറി ആരംഭിക്കാൻ കേന്ദ്ര ഗവൺമെൻറിൻെറ അംഗീകാരം വാങ്ങണമെന്ന നിബന്ധന നിലവിലുണ്ടോ?

ഉത്തരം

ഉണ്ട്.

കേന്ദ്രം നൽകിയ സ്പിരിറ്റും ചാരായവും

590 [755] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1982-83, 1983-84, 1984-85, 1985-86 എന്നീ വർഷങ്ങളിൽ കേന്ദ്രം സംസ്ഥാനത്തിന് സ്പിരിറ്റും ചാരായവും എത്രവീതം അനുവദിച്ചു;

LIBRARY ARCHIVES Kerala Legislative Assembly